മത്താ. 10:1-15

**2023 ഒക്ടോബർ 22**

## വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

# രോഗവും മരണവും- യേശുവിന്റെ ഇടപെടലും

**യേശുനാഥൻ** രോഗത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കുന്ന ഓരോ സംഭവങ്ങൾ ഈ സുവിശേഷഭാഗത്ത് വിവരിക്കുന്നു. രക്തസ്രാവക്കാരിയുടെ സൗഖ്യവും, ജായ്റോസിന്റെ മകളെ ഉയിർപ്പിക്കലും ഒരു സംഭവത്തിനുള്ളിൽ മറ്റൊന്ന് എന്ന കണക്കേയാണ് (സാന്റ്വിച്ച് ആഖ്യാനം) അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ രണ്ട് സംഭവങ്ങളും ഗാഢമായി ബന്ധപ്പെട്ടവയും, വ്യാഖ്യാനിക്കുന്നവയുമാണ്. സ്ത്രീകളാണ് ഇവിടെ രക്ഷിതരാകുന്നത്. ലൂക്കാ സുവിശേഷകൻ സ്ത്രീ-പുരുഷ സമാന്തരതയ്ക്ക് തന്റെ രചനകളിൽ പ്രത്യേകം പ്രാധാന്യം നല്കുന്നുണ്ടല്ലോ. അതോടൊപ്പം അത്ഭുതങ്ങൾ നടക്കുന്നതിന് ആഴമേറിയ വിശ്വാസം അത്യാന്താപേക്ഷിതമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

ജായ്റോസിന്റെ മകളുടെ കാര്യം സൂചിപ്പിച്ചാണ് ഈ സുവിശേഷഭാഗം ആരംഭിക്കുന്നത്. 'ജായ്റോസ്' എന്ന വാക്കിന്റെ അർത്ഥം 'അവൻ പ്രകാശിപ്പിക്കും' എന്നാണ്. പന്ത്രണ്ട് വയസ്സായ മകളാണ് മരണാസന്നയായിരിക്കുന്നത്. സിനഗോഗധികാരിയായ ജായ്റോസ് തന്റെ സ്ഥാനം പരിഗണിക്കാതെ യേശുവിന്റെ മുന്നിൽ എളിമപ്പെടുകയും, സൗഖ്യത്തിനായി അപേക്ഷിക്കുകയും ചെയ്യുന്നു. മരണാസന്നയായ തന്റെ മകളുടെ ജീവൻ സംരക്ഷിക്കുക എന്നാവശ്യമാണ് ജായ്റോസിനുള്ളത്. മരണത്തിന്റെ താഴ്വരയിലും ജീവൻ പ്രകാശിപ്പിക്കുന്നവനാണ് യേശുനാഥൻ എന്ന വിശ്വാസം ജായ്റോസിനുണ്ടായിരുന്നു.

ജായ്റോസിന്റെ മകളെ സുഖപ്പെടുത്താൻ പോകുംവഴിയാണ് പന്ത്രണ്ട് വർഷമായി രക്തസ്രാവം ബാധിച്ച സ്ത്രീയെ യേശു സുഖപ്പെടുത്തുന്നത്. തന്റെ ജീവോത്പാദനശക്തി ഒഴുകിപോകുന്നതിന്റെ പേരിൽ അശുദ്ധയാക്കപ്പെട്ട (യഹൂദ നിയമം – ലേവ്യ 15:25-31; എസെക്കി. 36:17) രക്തസ്രാവക്കാരി യേശുവിൽനിന്നും സൗഖ്യം പ്രാപിക്കുന്നു.

സമൂഹം ഭ്രഷ്ട് കല്പിച്ചിരുന്നവൾ യേശുവിലുള്ള തന്റെ വലിയ വിശ്വാ സം മൂലം അവിടുത്തെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കുന്നു. ഇവിടെ രണ്ട് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്: ''യേശുവിന്റെ സൗഖ്യദായകശക്തിയും, ആ സ്ത്രീയുടെ വിശ്വാസവും.''

യേശുവിന്റെ സൗഖ്യദായകശക്തിക്ക് സകലരുടെയും മുമ്പിൽ ഈ സ്ത്രീ സാക്ഷ്യം നല്കുന്നുണ്ട്. യേശു അവളെ 'മകളേ' എന്ന് വിളിക്കുന്നു. ദൈവത്തിന്റെ മക്കളാണ് നാം എല്ലാവരും എന്ന സത്യം ഇവിടെ പ്രഘോഷിക്കപ്പെടുന്നു. രക്ഷയുടെ സമാധാനം യേശുനാഥൻ അവൾക്ക് ആശംസിക്കുന്നു.

യേശു രക്തസ്രാവക്കാരിയെ സമാധാനത്തിൽ പറഞ്ഞയച്ച സമയത്താണ് ജായ്റോസിന്റെ മകൾ മരിച്ചെന്ന വാർത്ത വന്നത്. യേശു ജായ്റോസിനോട് പറയുന്നു. ''ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക, അവൾ സുഖം പ്രാപിക്കും'' (8:50).

മരണത്തെക്കുറിച്ചുള്ള ഒരു വെളിപ്പെടുത്തൽ യേശുനാഥൻ ഇവിടെ നല്കുന്നുണ്ട്. മരണം എന്നത് ഭയത്തോടും, വിലാപത്തോടും നേരിടേണ്ട ഒന്നല്ല, മറിച്ച്, ദൈവം മനുഷ്യനെ ഉണർത്തുന്നതും, എഴുന്നള്ളിക്കുന്നതും കേൾ ക്കാനും, കാണാനും ഉള്ള സമയമാണ്. മരണം ഉറക്കമാണ് (അപ്പ. 7:60). യേശു ജായ്റോസിന്റെ മകളുടെ 'കൈയ്ക്കു പിടിച്ച് അവളെ വിളിച്ചുകൊണ്ട് പറഞ്ഞു' (ലൂക്കാ 8:54).

കൈയ്ക്കു പിടിച്ച് രക്ഷയിലേക്ക് നയിക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ് (ഏശ. 41:13, 46:6). 'എഗെയിറോ', 'അനിസ്റ്റേമി' എന്ന രണ്ട് ഗ്രീക്ക് വാക്കുകൾ ഇവിടെ ഉപയോഗിച്ചിട്ടുണ്ട്. 'എഴുന്നേല്ക്കുക' എന്നാണ് ഇവ രണ്ടിന്റെയും അർത്ഥം. ഉയിർപ്പ് വർണ്ണിക്കാൻ ഉപയോഗിക്കുന്നവയാണ് ഇവ. യേശു അവളെ പുനരുജ്ജീവിപ്പിച്ചത് മരണത്തിൽ നിന്നുള്ള യേശുവിന്റെ ഉയിർപ്പും, അവളുടെ ഉയിർപ്പും മുൻകൂട്ടി സൂചിപ്പിക്കുന്നു.